**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1441** **15.06.2012 ൽ മറുപടിയ്ക്ക്.**

**കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടികൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു വിശദീകരിക്കുമോ; | (എ) കൃഷി ഭവൻ മുഖേന കർഷകർക്കുള്ള സാമ്പത്തിക സഹായം കർഷകരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതാണ്. കർഷകർക്ക് നിശ്ചിത വരുമാനം ഉറപ്പാക്കുന്നതിന് മിനിമം ഇൻകം ഗ്യാരണ്ടി സ്കീം നടപ്പിലാക്കുന്നതാണ്. ഇന്റർനെറ്റ് കണക്ടിവിറ്റി നടപ്പിലാക്കി തുടങ്ങി. കൃഷി അസിസ്റ്റന്റുമാരുടെ ചുമതലകൾ വ്യക്തമായി നിശ്ചയിച്ചു നൽകിയിട്ടുണ്ട്. കാർഷിക വികസന സമിതികളും പുന:സംഘടിപ്പിച്ചിട്ടുണ്ട്. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനായി "ലീഡ്സ്" എന്ന നൂതന പദ്ധതി കൊല്ലം, പാലക്കാട്, കണ്ണൂർ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. "ആത്മ പദ്ധതി" കൂടുതൽ കാര്യക്ഷമതയോടെ വിജ്ഞാന വ്യാപനത്തിനായി പ്രവർത്തിച്ചു വരുന്നു. ഇതിനായി ബ്ലോക്ക് ജില്ലാ തലത്തിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. |
| (ബി) കൃഷിഭവനുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ഇതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ? | (ബി) കൃഷിഭവനുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന് ആദ്യ പടിയായി, കൃഷി ഭവനുകളിൽ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ സേവനങ്ങൾ, കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ വളരെ വേഗത്തിലും സുതാര്യമായും ചെലവു കുറഞ്ഞ രീതിയിലും കർഷകന് ലഭ്യമാക്കാൻ സാധിക്കുന്നതാണ്. വിവിധ പദ്ധതികൾക്കുള്ള അപേക്ഷകൾ കർഷകന് നേരിട്ട് ഓൺലൈൻ സംവിധാനം ഉപയോഗപ്പെടുത്തി രജിസ്റ്റർ ചെയ്യാവുന്നതാണ്. വിവിധ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് സ്ഥിതി വിവരങ്ങൾ കർഷകന് നേരിട്ട് പരിശോധിക്കാവുന്നതാണ്. കർഷകർക്കുള്ള സബ്സിഡികൾ കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ടു നൽകുന്നതിന് ഓൺലൈൻ മുഖേന സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.